# കിരണം



## ഡിജിറ്റൽ മാഗസിൻ

## ലിറ്റിൽ കൈറ്റ്സ്

## ഗവൺമെന്റ് ഹൈസ്കൂൾ, നെടുംമ്പ്രം

## ഉള്ളടക്കം

എഡിറ്റോറിയൽ ബോർഡ്......3
ആമുഖം......4
സന്ദേശം......5
ഗവ.ഹൈസ്കൂൾ,നെട്ടുമ്പ്രം......6
എൻെറ ഗ്രാമം......7
മരം......8
ഹോബികൾ......9
പൂവ്......10
പുഴ......11
കാക്കമ്മയും കുറുക്കനും......12
പുസ്തകപരിചയം......13
കണ്ണൻെറ അമ്മ......14
പൂച്ചമ്മ......15
നമ്മുടെ ദേശീയ പതാക......16
മരിക്കുന്ന പുഴ......17
പൂജ്യത്തിൻെറ വില......18
ആര്യഭടൻ......19
വൃദ്ധയുടെ പിടക്കോഴി......20
ആരു നൽകി......21
തത്തമ്മ......22
പാത്രുക്കട......23
അക്ഷരമുത്തുകൾ......24
വേർപാട്......25
അഹങ്കാരം ആപത്ത്......26
കോഴിപ്പാട്ട്......27
വിദ്യ......28
എൻെറ ഓണം......29
മണ്ടനെലി......30
എൻെറ കേരളം......31
മഴ......32
നന്ദി......33

## എഡിറ്റോറിയൽ ബോർഡ്

ജാസ്മിൻ മറിയം സജി (സ്റ്റുഡന്റ് ചീഫ് എഡിറ്റർ)

സാൽബി സാനു

മീനു എസ് നായർ

സെറിൻ മാത്യു

ശ്രീജിത്ത് എസ്

സംഗീത് എസ്

അഭിഷേക് പി ബിജു

മുഹമ്മദ് ആസിഫ്

പ്രീതി റേച്ചൽ മാത്യു (കൈറ്റ് മിസ്ട്രസ്സ്)

ശ്രീലതാ ദേവി പി (കൈറ്റ് മിസ്ട്രസ്സ്)

**ആമുഖം**


പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഐ റ്റി പഠനത്തിന്റെ വളർച്ചയ്ക്കായി സ്കൂളുകളിൽ ആവിഷ്കരിച്ച കുട്ടികളുടെ കൂട്ടായ്മയാണ് “ലിറ്റിൽ കൈറ്റ്സ്". നൂതന സാങ്കേതിക വിദ്യക-ളുടെ പരിശീലനം, വിവിധതരം കമ്പ്യൂട്ടർ ആപ്ലി-ക്കേഷനുകൾ തുടങ്ങിയവ പരിചയപ്പെടുവാൻ ഇതിലൂടെ കുട്ടികൾക്ക് സാധിക്കുന്നു. ഐ റ്റി ആഭിമുഖ്യമുള്ള ഒരു പുതുതലമുറയെ വാർത്തെടുക്കു-ന്നതിന് ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ ഏറെ പ്രയോജനകരമാണ്.

# സന്ദേശം

നെടുമ്പ്രം ഗവ:ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കുന്ന 'കിരണം' എന്ന ഡിജിറ്റൽ മാഗസിന്റെ പ്രകാശനത്തിന്റെ എല്ലാ-വിധ ഭാവുകങ്ങളും നേരുന്നു.

എന്ന്

സ്നേഹപൂർവ്വം



മോളമ്മ അലക്സാണ്ടർ

ഹെഡ്മിസ്ട്രസ്

ഗവ:ഹൈസ്കൂൾ,നെടുമ്പ്രം

# ഗവ.ഹൈസ്കൂൾ,നെടുമ്പ്രം

## ചരിത്രം

പത്തനംതിട്ട ജില്ലയുടെ ഭാഗമായ തിരുവല്ല താലൂക്കിലെ നെടുമ്പ്രം പഞ്ചായത്തിലാണ് നെടമ്പ്രം പുതിയകാവ് ഗവണ്മെന്റ് ഹൈസ്കൂൾ സ്ഥിതിചെയ്യുന്നത്. പ്രൈമറി സ്കൂളായിട്ടായിരുന്നു 1915-ൽ ഈ സ്കൂൾ പ്രവർത്തനമാരംഭിച്ചത്.1982 ലാണ് നമ്മുടെ സ്കൂൾ ഹൈസ്കൂളായി ഉയർത്തിയത്.ഒരുകാലത്ത് നെടുമ്പ്രം ഗ്രാമത്തിലെ മുഴുവൻ കുട്ടികളുടേയും അക്ഷരവെളിച്ചമായിരുന്നു ഈ വിദ്യാലയം.ധാരാളം പരിമിതികൾ നമ്മെ അലട്ടുമ്പോഴും എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് തുടർച്ചയായി100% വിജയമാണ് നാം നേടുന്നത്.

മറ്റു സ്കൂളുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ പഠനാന്തരീക്ഷമാണ് ഇവിടെയുള്ളത്.സുസജ്ജമായ ലാബും ധാരാളം ഗ്രന്ഥസമ്പത്തുള്ള ലൈബ്രറിയും ഗണിത ലാബും സ്മാർട്ട് ക്ലാസ്സ്റിയും ഇവിടുത്തെ പഠനാന്തരീക്ഷത്തെ മികവുറ്റതാക്കിയിരിക്കുന്നു.ആഴ്ചയിലൊരു പിരീയഡ് വീതം ലൈബ്രറിക്കായി ഓരോ ക്ലാസിനും നൽകിയിരിക്കുന്നു.ഗണിത ക്ലാസ്സുകൾ രസകരമായി കൈകാര്യം ചെയ്യുന്നതിനായി പ്രകൃതിയിലേക്ക് ഇറങ്ങുക,കൃഷിയുടെ മഹത്വം മനസ്സിലാക്കുക തുടങ്ങിയവ ലക്ഷ്യമിട്ട് സ്കൂളിൽ നല്ല ഒരു പച്ചക്കറിത്തോട്ടം വളർത്തിവരുന്നുണ്ട്.കാർഷിക ക്ലബ് അംഗങ്ങളാണ് ഇതിന് നേതൃത്വം നൽകുന്നത്.വ്യത്യസ്തവും നൂതനവുമായ ഒട്ടനവധി പ്രവർത്തനങ്ങൾ മുന്നോട്ട് വെച്ചുകൊണ്ട് നെടുമ്പ്രം ഗവ:ഹൈസ്കൂൾ അതിന്റെ ജൈത്രയാത്ര തുടർന്നു കൊണ്ടേയിരിക്കുന്നു.

സാൽബി സാനു std:9

# എൻെറ ഗ്രാമം

പുഞ്ചവയലിലെ നെൽക്കതിരും
ഇമ്പമേറുന്നൊരു മാരുതനും
കുന്നിമണിപോലെ തങ്ങിനിന്നു
ഒരു കൊച്ചുപൊട്ടുപോൽ മിന്നിനിന്നു
തിളങ്ങിനിന്നു...............

തത്തകൾ പ്രാവുകൾ മൈനകളും
ഞാറു നടുന്ന പണിയാളരും
കളകളം ചൊല്ലും പുഴകളുമായ്
എന്തൊരു സുന്ദരമെൻെറ ഗ്രാമം
എൻെറ ഗ്രാമം

ആകാശ്. ബി

STD IV

# മരം

ഇന്നലെ ഞാനൊരു വിത്തിട്ടു
വിത്തു മുളച്ചൊരു മരമായി
മരത്തിൽ നിറയെ കൊമ്പ്
കൊമ്പുകൾ നിറയെ കിളികൾ
കിളിക്ക് തിന്നാൻ പഴം.

ശ്വേത ലക്ഷ്മി എസ്
*std IV*

## ഹോബികൾ

.ഹോബികളുടെ രാജാവ് -സറ്റാമ്പുശേഖരണം
.സറ്റാമ്പുകളെക്കുറിച്ചുളള ശാസ്ത്രീയ പഠനം- ഫിലാറ്റലി
.രാജാക്കന്മാരുടെ ഹോബി എന്നറിയപ്പെടുന്നത് -നാണയ ശേഖരണം
.തീപ്പെട്ടിക്കൂട് ശേഖരിക്കുന്ന ഹോബി-ഫില്ലുമെനിസം
.പോസറ്റുകാർഡുകൾ ശേഖരിക്കുന്ന ഹോബി-ഡെൽറ്റിയോളജി
. ഗ്ലാസ്സുകളിൽ വർണ ചിത്രങ്ങൾ രേഖപ്പെടുത്തുന്ന ഹോബി-എനാമൽ
. ഓട്ടോഗ്രാഫുകൾ ശേഖരിക്കുന്ന ഹോബി-ഫിലോഗ്രഫി
. കടലാസ് ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന ഹോബി-ഒറിഗാമി
. നല്ല കയ്യക്ഷരങ്ങളെക്കുറിച്ച് പഠിക്കുകയും ശീലിക്കുകയുംചെയ്യുന്ന ഹോബി-കാലിഗ്രാഫി
.പാമ്പുകളെയും ഇഴജന്തുക്കളെയും ശീലിക്കുകയുംചെയ്യുന്ന ഹോബി - ഹെർപ്പറ്റോ കൾച്ചർ
. തേനീച്ചകളെ ഇണക്കിവളർത്തുന്ന ഹോബി-എപ്പി കൾച്ചർ
. മുയലുകളെ ഇണക്കിവളർത്തുന്ന ഹോബി-കൃണികൾച്ചർ
. പച്ചക്കറി കൃഷി ചെയ്യുന്ന ഹോബി-ഒലേറികൾച്ചർ
. പൂന്തോട്ടവും പൂകൃഷിയും വളർത്തുന്ന ഹോബി- ഫ്ളോറികൾച്ചർ
. മെഡലുകൾ, സ്മാരകനാണയങ്ങൾ എന്നിവ ശേഖരിക്കുന്ന-ഹോബി-എക് സോന്യൂമിയ.

ജിതിൻ വറുഗീസ്
*std 10*

# പൂവ്

അമ്മുവിൻെറ വീട്ടിൽ
ചന്തമുള്ള പൂവ്
അച്ചു ഓടിവന്നു
പൂവു നുള്ളി ഓടി.

നേഹ. വി. എസ്
*std.3*

# പുഴ

**കളകളം പാടുന്ന പുഴയാണ്**
**പുഴയുടെ താളത്തിൽ ഓളമാണ്**
**ഹംസങ്ങൾ നീരാട്ടും പുഴയാണ്**
**കണ്ണാടി അഴകുള്ള പുഴയാണ്**
**താമര വിരിയുന്ന പുഴയാണ്.**

അഞ്ജലി.എസ്

*STD.10*

## കാക്കമ്മയും കുറുക്കനും

ഒരു ദിവസം സൂത്രക്കാരനായ ചിമ്പുക്കുറുക്കൻ കാട്ടിലൂടെ - നടക്കുകയായിരുന്നു.അപ്പോഴാണ് കാക്കപ്പെണ്ണ് മരത്തിലിരു- ന്ന് നെയ്യപ്പം തിന്നുന്നത് അവർ കണ്ടത്. ഇവളെയൊന്നുപറ്റി- ക്കാം. കുറുക്കൻ തീരുമാനിച്ചു. അവൻ പറഞ്ഞു. അല്ല കാക്കമ്മേ , എല്ലാവരും പറയുന്നത് നീ നന്നായിപാടുമെന്നാണ്. ഒരു പാട്ടു- പാടൂ, ഞാനൊന്നുകേൾക്കട്ടെ. കാക്ക പാടുമ്പോൾ നെയ്യപ്പം താ- ഴെ വീഴുമെന്നായിരുന്നു അവൻ കരുതിയിരുന്നത്.എന്നാൽ കാ- ക്കമ്മയാരാ മോൾ! അവൾക്ക് കുറുക്കന്റെ സൂത്രം പിടികിട്ടി- അവൾ നെയ്യപ്പം വായിൽനിന്നുമെടുത്ത് കൈയിൽ പിടിച്ചു- എന്നിട്ടു പാട്ടുപാടാൻ തുടങ്ങി. പാവം കുറുക്കൻ അവൻ നാണി- ച്ചു സ്ഥലം വിട്ടു.

കീർത്തി കിഷോർ
std4

## പുസ്തകപരിചയം

**'ഒരു സങ്കീർത്തനം പോലെ'**

**പെരുമ്പടവം ശ്രീധരൻ**

**പ്രശസ്ത റഷ്യൻ നോവലിസ്റ്റായ ദെസ്തേയവസ്കിയുടെ ജീവിതത്തെ കേന്ദ്രമാക്കിക്കൊണ്ട് അദ്ദേഹത്തിന്റെ ആരാധകനായ ശ്രീ. പെരുമ്പടവം ശ്രീധരൻ എഴുതിയ ഹൃദയസ്പർശിയായ കൃതി.ആത്മക്ഷത-ങ്ങൾ ഏറ്റുവാങ്ങിയ തകർന്ന ഹൃദയത്തിനുടമ.ജീവിതത്തിന്റെ നാനാവിധ കെട്ടുപാടുകളിൽപ്പെട്ടുഴലുന്ന അസ്വസ്ഥമായ മനസ്സുമായി ജീവിക്കുമ്പോഴും അദ്ദേഹം ജീവിതത്തെ കൂടുതൽ സ്നേഹിക്കാൻ നമ്മെ പഠിപ്പിക്കുന്നു. ശുഭാപ്തിവിശ്വാസം വായനക്കാരിൽ പകർന്നു നൽകുവാൻ ഈ കൃതി സഹായിക്കുന്നു.**

സംഗീത്

*stdIX*

## കണ്ണന്റെ അമ്മ

പണ്ട് പണ്ട് പണ്ട് അമ്പാടിയിൽ വികൃതിയായ ഒരു കുട്ടിയുണ്ടായിരുന്നു. അവന്റെ പേര് കണ്ണൻ എന്നായിരുന്നു. പശുക്കിടാങ്ങളുടെ കെട്ട് അഴിച്ചുവിടും. അമ്മ കണാതെ വെണ്ണ കട്ടു തിന്നും. ഒരു ദിവസം അവൻ അമ്മയെ കളിപ്പിക്കാൻ കാട്ടിൽ പോയി ഒളിച്ചിരുന്നു. അമ്മ കണ്ണനെ കാണാതെ കണ്ണും ചുവന്ന് കാട്ടിൽ തേടി നടന്നു. അവിടെയുള്ള കരിവണ്ടിനോടും തുമ്പിയോടും മലർചെണ്ടിനോടും പേടമാനോടും കാളിന്ദിയോളങ്ങളോടും ചോദിച്ചു. എന്നിട്ടും കണ്ണനെ കണ്ടില്ല. കഴൽ കഴച്ച് വലഞ്ഞ് അമ്മ തിരികെ പോകാൻ തുടങ്ങുമ്പോൾ ഒരു ഓടക്കുഴൽ വിളി കേട്ടു. അമ്മ പുഞ്ചിരികൊണ്ട് തിളങ്ങുകയും കയ്യിലിരുന്ന കമ്പ് താഴേക്ക് വീഴുകയും കണ്ണുംപൂട്ടി മകന്റെ ഓടക്കുഴൽ വിളി കേട്ടുകൊണ്ടു നൽകുകയും ചെയ്തു.

ശ്രീഹരി എം.ബിജു
*stdV*

**പൂച്ചമ്മ**

**വെളുത്ത സാരിയുടുത്തു നടക്കും**
**കണ്ണുമുരുട്ടി പൂച്ചമ്മ**
**എലിയുടെ പിറകേ പാഞ്ഞു നടക്കും**
**പുലിയെപ്പോലൊരു പൂച്ചമ്മ**
**വയറുനിറഞ്ഞാൽ പൂവാലാട്ടി**
**ങ്യാവൂ കരയും പൂച്ചമ്മ**

ശ്രീഹരി എം. ബിജു
*STD V*

## നമ്മുടെ ദേശീയ പതാക

സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം ഇന്ത്യക്കാരെ സം-ബന്ധിച്ചിടത്തോളം ദേശീയ പതാക എന്നത് നമ്മുടെ സ്വാതന്ത്ര്യത്തിന്റെയും പരമാധികാരത്തിന്റെയും പ്രതീക-മായി മാറിയിരിക്കുന്നു.സ്വാതന്ത്ര്യദിനം,റിപ്പബ്ലിക് ദിനം തുടങ്ങിയ ദിനങ്ങളിൽ ഇന്ത്യയിലെ ജനവാസമുള്ള എല്ലാ പ്രദേശങ്ങളിലും ദേശീയ പതാക ഉയർത്തപ്പെടുന്നു.നമ്മുടെ ദേശീയ പതാക ഇപ്രകാരം സ്വതന്ത്ര്യമായി പാറിപ്പറക്ക-ത്തക്ക സാഹചര്യമുണ്ടാക്കുവാൻ ആയിരക്കണക്കിനു ദേ-ശസ്നേഹികളുടെ ജീവൻ ബലി കഴിക്കേണ്ടിവന്നിട്ടുണ്ട്.വ്യ-ക്തമായ ചില നിബന്ധനകൾക്കു വിധേയമായി മാത്രമേ ദേശീയ പതാക കൈകാര്യം ചെയ്യുവാൻ പാടുള്ളൂ.

വലിപ്പത്തിന്റെ അടിസ്ഥാനത്തിന്റെ 9 തരം പതാകകളാണ് അനുവദനീയമായിട്ടുള്ളത്. 3 അടി നീളം 2 അടി വീതിയുള്ള പതാകയാണ് സാധാരണ ഉപയോഗി-ത്തിനുള്ളത്.ഏതു സന്ദർഭത്തിലായാലും ബഹുമാന്യമായ രീതിയിൽ വേണം പതാക പാറിക്കേണ്ടത്.ചുറുചുറുക്കാർന്ന വേഗത്തിലാണ് പതാക ഉയർത്തേണ്ടത്.പതാക ഉയർത്തു-മ്പോൾ ചുവപ്പുനിറം മുകളിൽ തന്നെയാണെന്ന് ഉറപ്പുവരു-ത്തണം.ദേശീയ പതാക ഉയർത്തുന്ന സന്ദർഭത്തിൽ സന്നി-ഹിതരായിട്ടുള്ള എല്ലാ വ്യക്തികളും എഴുന്നേറ്റ് പതാകയെ നോക്കി  അറ്റൻഷനായി നിൽക്കേണ്ടതാണ്. പതാകയെ നിന്ദിക്കുന്നതും അപമാനിക്കുന്നതും ശിക്ഷാർഹമാണ്.

സ്നേഹാ

## മരിക്കുന്ന പുഴ

അറിയുകയാണ് ഞാൻ നിൻെറ വെമ്പൽ
തോഴി നിന്നുടെ ദുരവസ്ഥയും
എൻ കണ്ണിൽ കണ്ണീരണിയിച്ചൊ-
ഴുകും തോഴി നിന്നുടെ
കൈകളിൽ മാലിന്യങ്ങൾ നിറഞ്ഞീടവേ
നിൻെറ നാദങ്ങളും ഇരമ്പലും
കണ്ണീരിലാഴ്ത്തുന്നു എന്നെയിന്ന്
സന്തോഷത്താൽ നോക്കിയനിന്നെ
ലോകമിന്നറപ്പോടെ നോക്കവേ
മനുഷ്യർ നിന്നോട് ദുഷ്ടത കാട്ടവേ
പുഴയേ നീ മരിക്കുകയാണ്
നീ ദാഹജലമേകിയ
മനുഷ്യൻെറ കരങ്ങളാൽ
വൈകാതെ ഞാനിവിടേകയാകും
മുന്നേ നടന്നു നീയകലും
തേടിയെത്താനൊരിടമില്ലയല്ലോ
തിരികെ വിളിക്കാൻ മൊഴിയില്ലല്ലോ
മറയുകയാണോ എൻെറ തോഴി
മറക്കുകയാണോ ഒഴുകാൻപോലും

സംഗീത.പി.എസ്
(പൂർവ്വവിദ്യാർത്ഥി )

## പൂജ്യത്തിൻെറ വില

ഒന്നാം ക്ലാസിൽ പഠിക്കുന്ന കുട്ടിയോട് രക്ഷകർത്താവ് പറഞ്ഞുവിട്ടു.. പരീക്ഷ കഴിഞ്ഞ് വരുമ്പോൾ പൂജ്യം വാങ്ങിക്കൊണ്ടുവരുത്. കുട്ടി മാർക്കുമായി വീട്ടിലെത്തിയപ്പോൾ, രക്ഷകർത്താവ് അത്ഭുതപ്പെട്ടു. എല്ലാ ഉത്തരങ്ങളും ശരിയായി ചെയ്ത് കുട്ടിക്ക് ഒരു മാർക്ക്! 100 മാർക്ക് കിട്ടിയെങ്കലും 1 നിലനിർത്തി. രണ്ടു പൂജ്യങ്ങളും കുട്ടി തന്നെ തുടച്ചുകളഞ്ഞിരുന്നു.പൂജ്യം നാണക്കേടുണ്ടാക്കുമെന്ന് മാത്രമേ കുട്ടിക്കു മനസ്സിലായുള്ളൂ.മറ്റു സംഖ്യകളോടോപ്പം ചേർന്നാലുള്ള പൂജ്യത്തിൻെറ വിലയെപ്പറ്റി അവൻ ചിന്തിച്ചില്ല.

ആർ.കെ.അതുൽദേവ്
*std.V*

## ആര്യഭടൻ

**ഇന്ത്യൻ ഗണിതശാസ്ത്രത്തിൻെറ പിതാവ് എന്ന് വിശേഷിപ്പിക്കാ- വുന്ന ഗണിതശാസ്ത്രജ്ഞനാണ് ആര്യഭടൻ. ഇന്ത്യയുടെ ആദ്യത്തെ കൃത്രിമോപഗ്രഹത്തിന് ,ആര്യഭട്ട, എന്ന് പേരിട്ട് രാജ്യം ആ മ- ഹാപ്രതിഭയെ ആദരിച്ചു. അദ്ദേഹം രചിച്ച ,ആര്യഭടീയം, എന്ന- ഗ്രന്ഥമാണ് ഗണിത ചരിത്രത്തിലെ ഇതിഹാസമായി ഇന്നും - നിലനിൽക്കുന്നത്. ഇരുപത്തിമൂന്നാമത്തെ വയസ്സയിലാണ് അദ്ദേഹം ഇത് എഴുതിയത്. ബീജഗണിതത്തിലെ പല നിയമങ്ങൾക്കും രൂപം നൽകിയതും അക്കങ്ങളുടെ സ്ഥാനവില കണ്ടെത്തിയതും ആര്യഭടനാണെന്ന് കരുതപ്പെടുന്നു.**

സംഗീത എസ്

*STD VIII*

## വൃദ്ധയുടെ പിടക്കോഴി

വയസ്സായ ഒരു സത്രീ രണ്ട് കോഴികളെ വളർത്തിയിരുന്നു.ഒന്ന് പൂവൻ മറ്റേത് പിട. പിടക്കോഴിയിൽ നിന്ന് വൃദ്ധയ്ക്ക് ദിവസം തോറും ഒരോ വലിയ മുട്ട കിട്ടിവന്നു.പൂവൻ കോഴിയെ കൊന്നു കറിവെച്ചു.പിന്നെ അവർ ആലോചിച്ചു. പിടക്കോഴി ദിവസേന ഒരു മുട്ടയല്ലേ തരുന്നുള്ളു.ദിവസേന രണ്ടു മുട്ട കിട്ടാൻ ആഗ്രഹിച്ചുകൊണ്ട് വൃദ്ധകോഴിക്ക് കൊടുത്തിരുന്ന തീറ്റ ഇരട്ടിയാക്കി. ക്രമേണ കോഴി വളർന്ന് തടിച്ചു കൊഴുത്തു.അത് മുട്ടയിടാതെയായി. കോഴിക്ക് ആഹാരം പോരാഞ്ഞിട്ടാണെന്ന് കരുതി വൃദ്ധ പിന്നെയും ആഹാരം കൂടുതൽ കൊടുത്തു. എന്നിട്ടും കോഴി മുട്ടയിട്ടില്ല. ഒരു മുട്ടയ്ക്ക് പകരം ദിവസേന രണ്ട് മുട്ട കിട്ടണമെന്ന് വിചാരിച്ച് കൂടുതൽ തീറ്റ കൊടുത്തപ്പോൾ എന്താണുണ്ടായതെന്നോ? കോഴിക്ക് തടികൂടി. തടി കൂടിയപ്പോൾ മടിയും കൂടി.അങ്ങനെ അത് ഒരിക്കലും മുട്ടയിടാതെയായി.

ഗായത്രി.പി
std.6

## ആരു നൽകി

**റോസാപ്പൂവിന് നല്ല മരണം**
**മുല്ലപ്പൂവിനുമുണ്ട് മണം**
**പൂക്കൾക്കൊക്കെ നല്ല മണം**
**ആരിതിനേകീ നല്ല മണം?**
**പൂവൻപഴത്തിനു നല്ല രുചി**
**ആപ്പിൾ പഴത്തിന് നല്ല രുചി**
**ആരിതിനേകീ നല്ല രുചി**
**പഴങ്ങൾക്കെല്ലാം നല്ല രുചി**

അഭിനവ് എസ്.കുമാർ
std.5

# തത്തമ്മ

തത്തി തിത്തി വരുന്നുണ്ട്

ചന്തമുള്ളൊരു തത്തമ്മ

ചുണ്ടു ചുവന്നൊരു തത്തമ്മ

കരളിൽ കുളിരും നീയല്ലേ

എന്നുടെ സ്വന്തം കൂട്ടാളി

കാശിനാഥൻ

*STD8*

## പാത്രക്കട

പിന്നെയും മഴക്കാറു നിരന്നു.ഇന്നു മഴതന്നെ.മൂടിപ്പുതച്ചു കിടന്നുറങ്ങണം.ഒരുവക പഠിക്കുകയും വേണ്ട.ഓലയ്ക്കിടയിലൂടെ വീഴുന്ന വെള്ളത്തുള്ളികളെ ചെറിയ ചെറിയ പാത്രങ്ങൾകൊണ്ടു പിടിച്ചെടുക്കുകയാണ് അമ്മൂമ്മയുടെ പണി.അതുകാണാൻ നല്ല രസമാണ്.ഒരിടത്തു പാത്രംവയ്ക്കുമ്പോൾ മറുഭാഗത്തു വെള്ളം വീഴും.അവിടെയും പാത്രംവയ്ക്കുമ്പോൾ വേറൊരിടത്തു തുള്ളിതുള്ളിയായി വെള്ളം*!* എന്തിനു പറയണം,വീട്ടിലുള്ള പാത്രങ്ങളെല്ലാം അങ്ങനെ ആ ഒരു രാത്രി നിരത്തിവയ്ക്കുന്ന അമ്മൂമ്മ മഴ പെയ്തു കഴിഞ്ഞാൽ പിന്നെ ഉറങ്ങാറേയില്ല.അരണ്ട മണ്ണെണ്ണ വിളക്കിൻെറ ചെറിയ വെളിച്ചത്തിൽ വീടൊരു പാത്രക്കട.പഴയ പാത്രങ്ങൾ വിൽക്കാൻ വച്ചിരിക്കുന്ന ഒരു പാത്രക്കട.

**സാൽബി സാനു**

***std 1X***

## അക്ഷരമുത്തുകൾ

അറിവിൻ വിദ്യനുകരാനായ്
അക്ഷരമുറ്റത്ത് എത്തുന്നു
അറിവിൻെറ നന്മ പകരാനായ്
ഗുരുനാഥൻമാർ എത്തീടും
വിദ്യകളോരോരോന്നോരോന്നായ്
വാരി വിതറും നമ്മൾക്കായ്
പകർന്നു തന്ന വിദ്യകളെല്ലാം
മനസ്സിൽ ചേർത്ത് കുറച്ചീടാം.
കുറിച്ചിടുന്ന വിദ്യകളെല്ലാം
കോർത്ത് അറിവിൻ മാല ചാർത്തീടാം.
പുതുമുകുളങ്ങളെ നിങ്ങൾക്കായ്
അറിവിൻ നന്മകൾ ചെയ്തീടാം.
അറിവിൻ നന്മകൾ പകർന്നു
നൽകിയ ഗുരുനാഥന്മാരെ നമിച്ചീടാം.

ജാസ്മിൻ മറിയം സജി
*std.9*

## വേർപാട്

പിരിയാൻ നീ എന്നെ അനുവദിച്ചു
അകലാൻ ഞാനും സമ്മതിച്ചു
കഴിഞ്ഞത്ര നാളും നാം കണ്ടതല്ലേ
പതിയെ മറയാം ഞാൻ ഓമലാളേ..........
ചുണ്ടിൽ മോഹങ്ങൾ ചൊല്ലിവച്ചും
മനസിൻ തുമ്പിൽ മറച്ചുവച്ചും
ഒരു കുടക്കീഴിൽ നാം ഇരുന്നതല്ലേ
എല്ലാം മറക്കാം ഇനി ഓമലാളേ.
ഇനി വരും നാൾ നാം കണ്ടിരിക്കാം
അപ്പോൾ നീ എൻ സ്വന്തം ആകുകില്ല
ചെറു മിഴികൾ നാം തുറന്നില്ലേലും
കവിൾത്തടം നനയാതെ നോക്കിടേണം.
മനസുകൾ തേങ്ങുമ്പോൾ ഇനി നീ മാത്രം
കഥപറയാൻ കളിചൊല്ലാൻ ഇനി ഞാനില്ലാ
പിരിയും നമ്മളീ വിരഹനിമിഷത്തിൽ,
അറിയാതെ എൻമനം അടുത്തുപോയി
അറിയാതെ നിന്നോട് അടുത്തുപോയി.

*അരുൺകുമാർ*

## അഹങ്കാരം ആപത്ത്

ഒരിടത്തൊരിടത്ത് ഒരു കൃഷിത്തോട്ടത്തിൽ ഒരു മാവ് ഉണ്ടായിരുന്നു. മഹാ അഹങ്കാരിയായിരുന്നു ആ മാവ്. എൻെറയത്ര സൗന്ദര്യം മറ്റുമരങ്ങൾക്ക് ഇല്ലെന്നാണ് അവളുടെ ഭാവം.ഒരു ദിവസം അവിടെയുള്ള ഒരു മരത്തിൻെറ ഇലപൊഴിഞ്ഞപ്പോൾ ആ മാവ് അതിവനെ കളിയാക്കി ചിരിച്ചു.അപ്പോൾ മറ്റുമരങ്ങൾ ഉപദേശിച്ചു മാവേ, ആരെയും കളിയാക്കരുത്.അപ്പോൾ മാവു പറഞ്ഞു.കളിയാക്കിയാൽ ഇവിടെ എന്തെങ്കിലും സംഭവിക്കുമോ? ഒരു ദിവസം നേരം പുലർന്നു.അപ്പോൾ ആ മാവിനു തോന്നി.എൻെറ സൗന്ദര്യംഎല്ലാവരും ഒന്നു കാണട്ടെ .സ്കൂളിലേക്കു പോകുന്ന കുട്ടികൾ ധാരാളമുണ്ട്,അവരൊക്കെയൊന്നു കാണട്ടെ എൻെറ സൗന്ദര്യം. ആ മാവ് അഹങ്കാരത്തോടെ പുറത്തേക്കു ചില്ലകളിട്ടു. ആ മാവ് കായ്ച്ചു.ധാരാളം മധുരമൂറിയ രുചികരമായ മാമ്പഴം അതിൻെറ ചില്ലയിലുണ്ടായിരുന്നു.അതു തിന്നാൻ ആഗ്രഹിച്ചുവരുന്ന കിളികളെയെല്ലാം അത് ആട്ടിപ്പായിക്കും.അങ്ങനെയിരിക്കെ ഒരു ദിവസം അതിഭയങ്കരമായ കൊടുങ്കാറ്റു വീശി. മാവിൻ ചില്ലകൾ ആടിയുലഞ്ഞു.നിറയെ സൗന്ദര്യത്തിൽ ആഹങ്കരിച്ച മാവിന് അങ്ങനെ തക്ക ശിക്ഷ കിട്ടി.കൂട്ടുകാരെ നല്ല പ്രവർത്തി ചെയ്താൽ ദു:ഖിക്കേണ്ട.

അനഘ സുനിൽ

std.5

## കോഴിപ്പാട്ട്

**പാവം കോഴി കേമൻ കോഴി**
**പൂവൻ കോഴി പിടക്കോഴി**
**വെള്ളക്കോഴി കറുത്ത കോഴി**
**കോഴിക്കൂട്ടിനരികിൽ നില്ക്കും**
**കുറക്കനിങ്ങനെ പാടുന്നു**
**കൊക്കര കൊക്കര പൂടപറിച്ചാൽ**
**കോഴികളെല്ലാമൊരുപോലെ**

ശ്രീരാജ്.എച്ച്
STD III

## വിദ്യ

**വിദ്യയല്ലോ മഹാധനം**
**മഹാന്മാർക്കും മഹാധനം**
**വിളമ്പിയാലും ഉളുമ്പാതെ**
**വിദ്യയെന്നും മഹാധനം**
**വിദ്യനേട്ടുകിലുയർന്നീടാം**
**മറ്റൊരാൾക്കതു പകർന്നീടാം**

കെസിയാ നൈനാൻ
*STD1V*

## എൻെറ ഓണം

ചിങ്ങമാസത്തിലെ അത്തം മുതൽ പത്തു ദിവസത്തേക്ക് നീണ്ടുനിൽക്കുന്ന ഉത്സവമാണ് മലയാളികൾക്ക് ഓണം. ഓണനാളുകളെ ഏറ്റവുമധികം ഇഷ്ടപ്പെടുന്നതും ആഘോഷിക്കുന്നതും കുട്ടികളാണ്.എല്ലാ വർഷത്തെ ഓണമയിരുന്നു ഈ വർഷം എനിക്ക്.ഇടയ്ക്ക് ഒന്ന് കണ്ണു നനഞ്ഞെങ്കിലും ഞാൻ ഏറ്റവുമധികം സന്തോഷിച്ചത് ഈ ഓണത്തിനാണ്. ഏറ്റവും പ്രധാനപ്പെട്ടത് സ്കൂളിലെ ഓണത്തിനാണ്.അത്തപ്പൂക്കളം ഒരുക്കിയും സദ്യയുണ്ടും ഓണപ്പാട്ടുകൾ പാടിയും ഓണക്കളികൾ കളിച്ചും ഒരു ഉത്സവം തന്നെയായിരുന്നു എൻെറ സ്കൂളിനലെ ഞങ്ങളുടെ ഒരുമിച്ചുളള അവസാനത്തെ ഓണം.അത് ഗംഭീരമായി.അത്തപ്പൂക്കള മത്സരത്തിൽ ഞങ്ങൾക്കായിരുന്നു ഒന്നാം സമ്മാനം.അങ്ങനെ സ്കൂളിൽ ഞങ്ങൾ അടിച്ചുപൊളിച്ചു.എന്നാൽ എൻെറ വീട്ടിലെ തിരുവോണനാൾ ഞാൻ ഒരിക്കലും മറക്കില്ല.കാരണം എൻെറ ജീവതത്തിലെ 14 വർഷത്തിനിടയ്ക്ക് ഇതാദ്യമായാണ് തിരുവോണനാളിൽ ഞങ്ങളുടെ വീട്ടുകാരോടൊപ്പം എൻെറ ചിറ്റയും മക്കളും പിന്നെ എൻെറ അമ്മൂമ്മയും അപ്പൂപ്പനും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നത്.എനിക്ക് അതൊരു വല്ലാത്ത അനുഭവമായിരുന്നു.ആ ദിവസം മുഴുവൻ ഞാൻ ഒരുപാട് സന്തോഷിച്ചു.ഈശ്വരനു നന്ദി പറഞ്ഞു.മുമ്പൊരിക്കലും ഞാൻ അനുഭവിച്ചിട്ടില്ലാത്ത ഒരു സന്തോഷവും അനുഭൂതിയുമാണ് ഈ ഓണത്തിൽ ഈശ്വരൻ എനിക്ക് നൽകിയത്.എൻെറ ഓർമപുസ്തകത്തിൽ ഈ അനുഭവം കൂടി ഞാൻ കുറിക്കുന്നു.

സ്നേഹ മോൾ

## മണ്ടനെലി

ചുട്ടുചുടെയുള്ളൊരു നെയ്യപ്പം
ചുടാറാത്തൊരു നെയ്യപ്പം
കണ്ടാകൊതിച്ചൊരു ചിണ്ടനെലി
മിണ്ടാതൊന്നു കടിച്ചപ്പോൾ
ചുണ്ടും പൊള്ളി മൂക്കും
പൊള്ളീട്ടോടിപ്പോയി മണ്ടനെലി

മാഷ്മിക മാത്യു
*STD.V*

**എൻെറ കേരളം**

**എൻെറ സ്വന്തം കേരളം**
**കേരം തിങ്ങും കേരളം**
**പൂക്കൾ വിരിയും കേരളം**
**ശാന്തി ിളങ്ങും കേരളം**

**മലകൾ നിറയും കേരളം**
**പാടം തിങ്ങും കേരളം**
**കളകളം പാടും കളികളാൽ**
**കീർത്തി കേട്ട കേരളം**

**മാവേലി വാണ കേരളം**
**മതനിരപേക്ഷ കേരളം**
**പുഴകൾ നിറയും കേരളം**
**മലയാളത്തിൻ കേരളം**
**നമ്മുടെ സ്വന്തം കേരളം**

സെറിൻ
*STD IX*

**മഴ**

**നനയാനെന്തു രസം**
**കുളിരാനെന്തു രസം**
**കുടചൂടാനും നല്ല രസം**
**മഴയല്ലോ എൻെറ സർവ്വരസം**

ദീനാ മാത്യൂ

std.lll

## നന്ദി

***'കിരണം' പൂർണ്ണതയിലെത്തിക്കുന്നതിനുവേണ്ടി സഹകരിച്ച എല്ലാവർക്കും നന്ദി......***